പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

ബുള്ളറ്റിൻ-ഭാഗം 2

2017 ഫെബ്രുവരി 8

നം. 147.

**അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതി പ്രമേയങ്ങൾക്ക് നോട്ടീസ് നൽകുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള നറുക്കെടുപ്പ് സംബന്ധിച്ച സമയക്രമം**

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിന്റെ കലണ്ടർ പ്രകാരം 2017 മാർച്ച് 10 - ാം തീയതി അനൗദ്യോഗിക അംഗങ്ങളുടെ കാര്യങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന വിവരം അംഗങ്ങളെ അറിയിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ, 1993 മേയ് 10 - ാം തീയതിയിലെ ഡയറക്ഷൻ നമ്പർ 15 പ്രകാരം ആദ്യ വെള്ളിയാഴ്ച അനൗദ്യോഗിക ബില്ലുകളും തുടർന്നുള്ള ഒന്നിടവിട്ട വെള്ളിയാഴ്ചകളിൽ യഥാക്രമം അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും ചർച്ചയ്ക്ക് വരുന്നതാണ്. അതിൻപ്രകാരം 2017 മാർച്ച് 10 - ാം തീയതി അനൗദ്യോഗിക ബില്ലുകൾ അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്. നറുക്കെടുപ്പിൽ പേരു ചേർക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായി നോട്ടീസ് (ബിൽ സഹിതം) നൽകേണ്ട അവസാന തീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | അനൗദ്യോഗിക ബില്ലുകൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം | നറുക്കെടുപ്പിൽ ബില്ലുകൾ ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട തീയതി | നറുക്കെടുപ്പ് നടത്തുന്ന തീയതി |
|---|---|---|---|
| 1 | 2017 മാർച്ച് 10, വെള്ളി | 2017 ഫെബ്രുവരി 22, ബുധൻ | 2017 മാർച്ച് 2, വ്യാഴം |

അനൗദ്യോഗിക ബില്ലുകളുടെ മുൻഗണനാക്രമം നിർണ്ണയിക്കുന്നതിനുള്ള നറുക്കെടുപ്പ് മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ പറയുന്ന തീയതിയിൽ വൈകുന്നേരം 4.00 മണിക്ക് ലെജിസ്ലേഷൻ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ (റൂം. നമ്പർ 408, നിയമസഭാ മന്ദിരം) വച്ച് നടത്തുന്നതാണ്.

വി. കെ. ബാബുപ്രകാശ്,

സെക്രട്ടറി.

# FOURTEENTH KERALA LEGISLATIVE ASSEMBLY

Fourth Session

BULLETIN - PART II

2017 February 8

No. 147.

***Time Schedule of Ballot to determine priority of Members giving notice for moving motions for leave to introduce Private Members' Bills.***

Members are hereby informed that the days allotted for transacting Private Members' Business is 10th of March 2017 as per the Calendar of Sittings of the Fourth Session of the Fourteenth Kerala Legislative Assembly. The Private Members' Business will come up in such a manner that the business relating to Private Members' Bills and that relating to Private Members' Resolutions shall be taken up for discussion on alternate Fridays commencing with the business relating to Private Members' Bills as per Direction No.15 of the Hon'ble Speaker dated May 10, 1993. As such, the business relating to Private Members' Bills will come up on 10th of March 2017. The relative precedence of Members entitled to move Bills on the allotted day will be determined by ballot. The last date for giving notice for Bills (with copy of Bills) and the date of ballot is as shown in the table below.

| Sl. No | Date of discussion of Private Members' Bills | Last date for giving notice for Bills to be included in the Ballot | Date of Ballot |
|---|---|---|---|
| 1 | 2017 March 10, Friday | 2017 February 22, Wednesday | 2017 March 2, Thursday |

The ballot to determine the relative precedence of Private Member's Bills will be held in the Office of the Deputy Secretary, Legislation (Room No.408, Assembly Building) at 4.00 pm on the date mentioned in the above table.

V. K. Babu Prakash,<br>
Secretary.